## പാഠം II
## യേശുവിന്റെ ബാല്യം

### അർത്ഥം എഴുതുക
1.ജാഗ്രത-ശ്രദ്ധ
2.വൈഭവം-സാമർഥ്യം
3.വലയം-വളയം
4.ഛായ-രൂപം

### പിരിച്ചെഴുതുക
1.അത്യധികം-അതി+അധികം
2.ഓർമിക്കാനുള്ള-ഓർമിക്കാൻ+ഉള്ള
3.പുതുമയായിരിക്കും-പുതുമ+ആയിരിക്കും
4.പഠിപ്പിലെന്നപോലെ-പഠിപ്പിൽ+എന്നപോലെ

### വിഗ്രഹിക്കുക
1.സുന്ദര സംഗീതം-സുന്ദരമായ സംഗീതം
2.മുഖച്ഛായ-മുഖത്തിന്റെ ഛായ
3.വീട്ടുജോലി-വീട്ടിലുള്ള ജോലി
4.ഭക്ഷ്യ പദാർത്ഥം-ഭക്ഷിക്കാനുള്ള പദാർത്ഥം

### നാനാർത്ഥം എഴുതുക
1.വാസന-സുഗന്ധം,കഴിവ്
2.നീര്-ജലം, ഒരു രോഗം
3.മതി-ചന്ദ്രൻ, വേണ്ടെന്ന ഭാവം

### ഉത്തരമെഴുതുക
1.മറ്റുള്ളവരിൽ അൽഭുതം ഉളവാക്കിയത് യേശുവിന്റെ ഏതു ഗുണമാണ്

കെ പി കേശവമേനോൻ എഴുതിയ യേശുദേവൻ എന്ന കൃതിയിലെ ഒരു ഭാഗമാണ് യേശുവിന്റെ ബാല്യം.യേശുവിന്റെ ധാരണാശക്തിയും ബുദ്ധിവൈഭവവും ഓർമ്മിക്കാൻ ഉള്ള കഴിവും അധ്യാപകരിൽ എന്നപോലെ മറ്റുള്ളവരിലും അത്യധികം അത്ഭുതമുളവാക്കി

TVIS

**2.ഉറങ്ങിക്കിടക്കുകയായിരുന്ന മകനെ നോക്കി യോസെഫ് മറിയയോട് പറഞ്ഞത് എന്ത്**

കെ പി കേശവമേനോൻ എഴുതിയ യേശുദേവൻ എന്ന കൃതിയിലെ ഒരു ഭാഗമാണ് യേശുവിന്റെ ബാല്യം.യേശുവിനെ പറ്റി വിചാരിക്കുമ്പോൾ എന്താണ് ചെയ്യേണ്ടത് എന്നറിയാതെ ഞാൻ കുഴങ്ങുകയാണ് .ഇപ്പോൾ തന്നെ ഈ ചെറിയ പട്ടണത്തിൽ നിന്ന് എത്രയോ ദൂരെ എത്തിയിരിക്കുന്ന അവന്റെ ദൃഷ്ടി.

**3.നസ്രത്തിലെ യേശുവിന്റെ വിദ്യാഭ്യാസം**

കെ പി കേശവമേനോൻ എഴുതിയ യേശുദേവൻ എന്ന കൃതിയിലെ ഒരു ഭാഗമാണ് യേശുവിന്റെ ബാല്യം.ദേവാലയത്തോട് ചേർന്നുള്ള ഒരു സ്ഥലത്ത് വച്ചാണ് കുട്ടികളെ പഠിപ്പിച്ചിരുന്നത് വേദ പുസ്തകങ്ങളും പ്രവാചകന്മാരെ പറ്റിയുള്ള വിവരങ്ങളും ആണ് പാഠ്യവിഷയം.അദ്ധ്യാപകർ കൊടുക്കുന്ന ഗ്രന്ഥങ്ങൾ യേശു അതിവേഗം വായിച്ച തീർക്കും.മുൻപ് തനിക്ക് പരിചയമുണ്ടായിരുന്ന അതിന്റെ ഓർമ്മ പുതുക്കുക മാത്രമാണെന്ന് തോന്നും ആ ബാലൻ വായിക്കുന്നത് കണ്ടാൽ.അധ്യാപകൻ ഒരു ചോദ്യം ചോദിച്ചാൽ ക്ഷണം ഉത്തരം പറയും

**4.യോസഫിനെ അത്ഭുതപ്പെടുത്തിയത് എന്ത്**

കുടുംബത്തെയും വംശത്തെയും സ്നേഹിക്കേണ്ടത് ആവശ്യകതയെപ്പറ്റി യോസഫ് യേശുവിനെ ഉപദേശിക്കാൻ ഉണ്ടായിരുന്ന എന്നാൽ യേശുവിന്റെ സ്നേഹം അതിൽനിന്നെല്ലാം അപ്പുറം കടന്നിരുന്ന എന്ന് യോസഫിന് തോന്നി ആ വിചാരങ്ങൾ ആയിരുന്ന യേശുവിന്റെ ദൃഷ്ടി എത്രയോ ദൂരെ എത്തിയിരിക്കുന്ന എന്ന തോന്നൽ യോസഫിന് ഉണ്ടാക്കിയത്. അമ്മയെയും അച്ഛനെയും അടുത്ത ബന്ധുക്കളെയും യേശുവിന് വലിയ ഇഷ്ടമായിരുന്ന എന്നാൽ യേശുവിന്റെ സ്നേഹവലയം പരിമിതമായിരുന്നില്ല ദിനംപ്രതി അതിന്റെ വലിപ്പം കൂടി വന്ന ഇത് യോസഫിന് അത്ഭുതമായി തോന്നി

**5.യേശുവിന്റെ രൂപം**

യേശു അധികം വെളുത്തിട്ട് അല്ലായിരുന്ന ഇരു നിറത്തിലും നല്ല വെളുപ്പിനും ഇടയിലുള്ള നിറം മുഖച്ഛായ അമ്മയുടേതാണ് യഹൂദ വർഗ്ഗക്കാരിലും സാധാരണ കാണുന്നതുപോലെയുള്ള നീണ്ട അണ്ഡാകൃതിയിലുള്ള സുന്ദരമുഖം നീണ്ട മൂക്ക് കറുത്ത കണ്ണുകൾ